(ബി) എല്ലാ ഡിസ്പെൻസറികളിലും ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ഡിസ്പെൻസർ തസ്തിക മാത്രമുള്ള 91 ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ തസ്തിക സൃഷ്ടിക്കുന്നതിന് ആയുഷ് വകുപ്പിന് പൊതുവായി അനുവദിച്ചിട്ടുള്ള 300 തസ്തികകളിൽ ഫാർമസിസ്റ്റിന്റെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(സി) ഹോമിയോപ്പതി ഡിസ്പെൻസറികളിൽ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹോമിയോ ഫാർമസിസ്റ്റുമാരുടെ റേഷ്യോ പ്രൊമോഷൻ

278 (5003) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ 2:1 അനുപാതത്തിലുള്ള റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിനുള്ള കാലതാമസം വിശദമാക്കാമോ;

&

(ബി) കാലതാമസം പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കുന്നതിന് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും അതിൽനിന്ന് റേഷ്യോ പ്രൊമോഷൻ നൽകുകയുമാണ് ചെയ്തുവന്നിരുന്നത്. എന്നാൽ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാതെപോയ ഏതാനും ചില ഫാർമസിസ്റ്റുമാരുടെ പരാതികൾ കൂടി പരിശോധിച്ച് ലിസ്റ്റ് പരിഷ്കരിക്കുന്നതിനുള്ള സത്വരനടപടികൾ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു.

ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രഡേഷൻ

279 (5004) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly